LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. റ്റി.എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, മംഗളം ദിനപത്രത്തിന്റെ എഡിറ്റർ, പ്രിന്റർ&പബ്ലിഷർ ശ്രീ. ബാബു വർഗ്ഗീസിന് എതിരെയും സ്വന്തം ലേഖകനെതിരെയും ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് നൽകിയ നോട്ടീസ്, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. വി. വിജയദാസ് നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്. ഇതിന്റെ വിശദമായ റൂളിംഗ് ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ ബഹിഷ്കരിച്ച് സഭയിൽ നിന്നും പുറത്തുപോയി)

പ്രമേയം

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്.

അവലോകനം

മി. ഡെപ്യൂട്ടി സ്പീക്കർ: 13-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനമാണ് ഇന്നിവിടെ അവസാനിക്കുന്നത്. ഡിസംബർ 1 മുതൽ 18 വരെ 14 ദിവസമാണ് സഭ സമ്മേളിച്ചത്.

ഈ സമ്മേളന കാലത്ത് 8932 ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ സ്വീകരിച്ചു. ഇവയിലെ 420 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ലിസ്റ്റിലും 4923 ചോദ്യങ്ങൾ നക്ഷത്ര രഹിത ലിസ്റ്റിലും ഉൾപ്പെടുത്തി. മൂന്ന് അടിയന്തര ചോദ്യവും അനുവദിച്ചു. സഭാതലത്തിൽ 34 ചോദ്യങ്ങൾക്കും ഒരു അടിയന്തര ചോദ്യത്തിനും വാക്കാൽ മറുപടി നൽകി. 304 ഉപചോദ്യങ്ങളും സഭയിൽ ഉന്നയിച്ചു.

ഈ സമ്മേളനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ചോദ്യോത്തര പ്രവർത്തനങ്ങളെല്ലാം NIC യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത 'LAIS' സോഫ്റ്റ്വെയറിന്റെ സഹായത്താലാണ് നിർവ്വഹിച്ചത്. ഇത് വളരെയേറെ പ്രയോജനകരവും തൃപ്തികരവുമായി അനുഭവപ്പെടുകയുണ്ടായി. ചോദ്യങ്ങളും ഉത്തരങ്ങളും യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.